.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

കരട് രേഖ

ദേവപുരയ്ക്കൽ പാലം നിർമ്മാണത്തിന് വേണ്ടി ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വള്ളികുന്നം വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ പദ്ധതി

ആലപ്പുഴ ജില്ലാകളക്ടർ ചുമതലപ്പെടുത്തിയത്

നവംബർ 2, **2026**

അർത്ഥനാധികാരി	*ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ*
എക്സിക്യൂട്ടിവ് എഞ്ചിനീയർ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ആലപ്പുഴ	സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) ആലപ്പുഴ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,
രാജഗിരി.പി.ഒ., കളമശേരി, പിൻ: 683 104
ഫോൺ: 0484 2911330-332/2550785
outreach@rajagiri.edu, ww.rajagirioutreach.in

ഉള്ളടക്കം

അദ്ധ്യായം 1: പഠനത്തിന്റെ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതിപ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായ് നടത്തിയ കൂടിയാലോചനകളുടെ സമയവിവരങ്ങളും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിന്റെ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിന്റെയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.1.1.a വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.1.1.b പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.1.1.c കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.1.1.d 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.1.1.e 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.2 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.3. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

അദ്ധ്യായം 6: സാമൂഹ്യ–സാമ്പത്തിക–സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യപ്രത്യാഘാത ലഘൂകരണത്തിനായിഅർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും,നിർവ്വഹിക്കാമെന്ന് ഉറപ്പ്നൽകാത്ത നടപടികളും

അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതരസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര വിലയിരുത്തലിനുള്ളപദ്ധതി

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

11.2.a. നിയമാനുസൃതമായ നടപടികൾ

11.2.b. ശുപാർശകൾ

പട്ടികകൾ

1.3.1	ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ
1.5.1	പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ
3.1.1	പഠന സംഘം
3.4.1	പഠനത്തിന് ഉപയോഗിച്ച വിവരങ്ങളും അവ ലഭിച്ച സ്രോതസുകളും
4.7.1	ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ തരം
5.1.1.	പദ്ധതിബാധിതരാകുന്ന ഭൂവുടമകൾ, പ്രത്യാഘാതബാധിതമായേക്കാവുന്ന ചമയങ്ങൾ
6.2.1	പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും അനുപാതം
7.6.1.	സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

ചിത്രങ്ങൾ

2.6.1.	പദ്ധതിരൂപരേഖ
4.1.1	പദ്ധതിപ്രദേശത്തിന്റെ ലൊക്കേഷൻ മാപ്പ്
4.8.1.	ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമി
6.2.1	പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാന ഉപജീവന മാർഗം

അദ്ധ്യായം 1
പഠനത്തിന്റെ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും പൊതു ആവശ്യവും

ആലപ്പുഴ ജില്ലയിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ കാമ്പിശേരി-കറ്റാനം റോഡിൽ സ്ഥിതിചെയ്യുന്ന ദേവപുരയ്ക്കൽ പാലം പുനർ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കൽ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ടി.എ.കനാലിനു കുറുകേ നിലവിലുള്ള ദേവപുരം പാലത്തിന് 60 വർഷത്തിലധികം പഴക്കമുണ്ട്. കാലപഴക്കം മൂലം പാലം തകർച്ചയുടെ ഭീഷണിയിലാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പ്രദേശത്തെ റോഡ് വീതി കൂട്ടി പുനർ നിർമ്മിച്ചതോടെ റോഡിന് ആനുപാതികമായി വീതിയില്ലാത്ത പാലത്തിലൂടെയുള്ള യാത്ര ദുർഘടവും അപകടകരവുമാണ്. ഒരു സമയത്ത് കഷ്ടിച്ച് ഒരു വാഹനത്തിനുമാത്രമാണ് പാലത്തിലൂടെ കടന്ന് പോകുവാൻ കഴിയുന്നത്. റോഡിലെ വലിയ വളവിലൂടെ പാലത്തിലേക്ക് കയറുന്ന വാഹന യാത്രികർക്ക് എതിർദിശയിൽ നിന്ന് വരുന്ന വാഹനങ്ങൾ കാണാൻ കഴിയാത്തതിനാൽ വർഷങ്ങളായി ഒട്ടേറ അപകടങ്ങളാണ് ഇവിടെ നടന്നുകൊണ്ടീരിക്കുന്നത്.

വള്ളികുന്നത്തിന്റെ തെക്കൻ മേഖലയിലുള്ള ആളുകളും കൊല്ലം ജില്ലയിൽ തഴവ, മണപ്പള്ളി, പാവുമ്പ ഭാഗങ്ങളിലുള്ളവരും കെ.പി.റോഡിൽ ചാരുംമൂട്, കറ്റാനം ജംഗ്ഷനുകളിലെത്തി ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ വിവിധ ഭാഗങ്ങളിലേക്കെത്തുവാൻ ഉപയോഗിക്കുന്ന എളുപ്പവഴിയാണിത്. താമരക്കുളം, വള്ളികുന്നം, ചാരുമ്മൂട് മേഖലയിലുള്ള ആളുകൾക്ക് കരുനാഗപ്പള്ളി അടക്കം കൊല്ലം ജില്ലയിലെ വിവിധ ഭാഗങ്ങളിലേക്ക് പോകാനുള്ള പ്രധാന മാർഗങ്ങളിൽ ഒന്നാണിത്. കെ.എസ്.ആർ.ടി.സി. ബസുകളും സ്വകാര്യബസുകളും ഉൾപ്പടെ ഒട്ടേറെ വാഹനങ്ങളാണ് ഇതുവഴി സർവീസ് നടത്തുന്നത്. ആയതിനാൽ ദേവപുരയ്ക്കൽ പാലം നിലവിലെ ഗതാഗതത്തിന് അനുയോജ്യമായ സൗകര്യങ്ങളോടെ പുനർനിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വാഹന ഗതാഗതവും ജനങ്ങളുടെ സഞ്ചാരവും സുഗമവും സുരക്ഷിതവുമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് എന്നതിനാൽ ടി പദ്ധതി ഒരു പൊതു ആവശ്യമാണെന്ന് വിലയിരുത്താവുന്നതാണ്. പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെയ്ക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും

പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2(1)b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി ഒരു പൊതു ആവശ്യമാണ്.

1.2. പദ്ധതിപ്രദേശം

പദ്ധതിപ്രദേശം ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വള്ളികുന്നം പഞ്ചായത്തിലെ വാർഡ് 12ൽ ഉൾപ്പെടുന്നു. ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂവിഭാഗങ്ങൾ വീടിനോട് അനുബന്ധമായ സ്ഥലവും കൃഷിക്ക് ഉപയോഗിച്ചിരുന്ന സ്ഥലങ്ങളും, പുറമ്പോക്ക് ഭൂമിയുമാണ്.

1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണവും സ്വഭാവവും

ദേവപുരയ്ക്കൽ പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏകദേശം 10 ആർസ് ഭൂമിയാണ് ഏറ്റെടുക്കുവാൻ വിഭാവന ചെയ്തിരിക്കുന്നത്. 2026 ഒക്ടോബർ 1 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2631 ൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാ കളക്ടറുടെ 2026 സെപ്റ്റംബർ 28 തീയതിയിലെ ഫോറം നമ്പർ 4 വിജ്ഞാപനം G2-4071/2023 പ്രകാരം ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ പട്ടിക 1.3.1.ൽ നൽകിയിരിക്കുന്നു.

പട്ടിക 1.3.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

ജില്ല : ആലപ്പുഴ, താലൂക്ക്: മാവേലിക്കര, വില്ലേജ് : വള്ളികുന്നം

ക്രമ നമ്പർ	ബ്ലോക്ക്	സർവെ നമ്പർ	വിവരണം	ഏകദേശ വിസ്തീർണ്ണം
1	15	388/8pt	നിലം/പുരയിടം/ പുറമ്പോക്ക്/സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം	10 ആർസ്
2		388/11pt		
3		388/12pt		
4		388/13pt		
5		388pt		
6		409/5pt		
7		409/6pt		
8		409/11pt		
9		409pt		
10	16	591/13pt		
11		591/14pt		
12		593/1pt		
13		593/2pt		
14		594/pt		
15		591pt		
16		593pt		

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രദേശത്ത് നിലവിലുള്ള പാലത്തിന്റെ പുനർ നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത് എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്

1.5 സാമൂഹ്യപ്രത്യാഘാതങ്ങൾ

ആലപ്പുഴ ജില്ലയിൽ കാമ്പിശേരി–കറ്റാനം റോഡിൽ വള്ളികുന്നം മീനത്ത്മുറി പ്രദേശത്ത് സ്ഥിതിചെയ്യുന്ന ദേവപുരയ്ക്കൽ പാലം പുനർനിർമ്മിക്കുന്നതിലൂടെ പ്രസ്തുത റോഡിലൂടെ സുരക്ഷിതവും സുഗമവുമായ വാഹനഗതാഗതം സാധ്യമാകും. എന്നിരുന്നാലും പ്രസ്തുത പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിത ഭൂമിയുടെ ഉടമകൾക്ക് വിവിധങ്ങളായ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ട്. പ്രസ്തുത നഷ്ടങ്ങൾ മാത്രമാണ് പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങളായി കാണുന്നത്. നിലവിലെ രൂപരേഖപ്രകാരം പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ളതായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ സ്രാമൂഹ്യപത്യാഘാതങ്ങളുടെ വിലയിരുത്തൽ പട്ടിക 1.5.1ൽ നൽകിയിരിക്കുന്നു.

പട്ടിക 1.5.1.: *പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ*

ക്രമ നമ്പർ	*പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ*	*എണ്ണം (ഏകദേശം)*	*വിശദീകരണം (ഏകദേശം)*
1	കൈവശഭൂമിയുടെ അളവ് കുറയൽ	7 ഭൂവുടമകൾ	
3	നിർമ്മിതികൾ പദ്ധതി ബാധിതമാകൽ	1 ഭൂവുടമ	കടയുടെ മുൻ ഭാഗത്തെ ഷീറ്റിട്ട്, ടൈൽ പാകിയ ചാർത്ത്
5	വൃക്ഷങ്ങൾ നഷ്ടമാകൽ	6 ഭൂവുടമകൾ	തെങ്ങ്, മാവ്, റബർ, മാഞ്ചിയം, പുളിമരം, വാഴ, തേക്ക്, തുടങ്ങിയ വൃക്ഷങ്ങൾ
5	വരുമാനം നഷ്ടമാകൽ	4 ഭൂവുടമകൾ	തെങ്ങ്, കുരുമുളക്, വാഴ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന വരുമാനം
6	പരിസരമലിനീകരണത്തിനുള്ള സാധ്യത		നിർമ്മാണമാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്താൽ പരിസര മലിനീകരണത്തിന് സാധ്യതയുണ്ട്

NB: പദ്ധതിബാധിതമാകുന്ന ഉടമകളെക്കുറിച്ചും ചമയങ്ങളെക്കുറിച്ചും ഏകദേശ കണക്കാണ് മുകളിൽ നൽകിയിട്ടുള്ളത്. രേഖാപരമായ തെളിവുകൾ പരിശോധിക്കേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ കുടുംബങ്ങളെ കുടി ഒഴിപ്പിക്കൽ, കുടുംബങ്ങളുടെ ഉപജീവന മാർഗം നഷ്ടമാകൽ തുടങ്ങിയ വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നില്ല. എന്നിരുന്നാലും കൈവശഭൂമിയുടെ അളവ് കുറ യൽ, തെങ്ങ്, കവുങ്ങ്, തേക്ക് തുടങ്ങിയ വൃക്ഷങ്ങൾ നഷ്ടമാകൽ, എന്നീ പ്രത്യാഘാ തങ്ങൾ ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുണ്ട്. കൂടാതെ പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുന്ന നിർമാണ അവശിഷ്ടങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യാ തിരുന്നാൽ പ്രദേശത്ത് പരിസരമലിനീകരണത്തിന് കാരണമായേക്കാം. പ്രധാനമായും ടി.എ.കനാലിലേക്ക് നിർമ്മാണ മാലിന്യങ്ങൾ വീണ് നീരൊഴുക്ക് തടസപ്പെടുന്നില്ല എന്ന് പദ്ധതി നിർവാഹകർ ഉറപ്പ് വരുത്തേണ്ടതുണ്ട്.

1.6 ലഘൂകരണ നടപടികൾ

ദേവപുരയ്ക്കൽ പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടി വള്ളികുന്നം വില്ലേജിൽ നിന്ന് ഏകദേശം 10 ആർസ് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാ ര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരം ഭൂവുടമകൾക്ക് നഷ്ടമാകുന്ന ഭൂമിക്കും ചമയങ്ങൾക്കും നഷ്ടപരിഹാരം നൽകേണ്ടതാണ്.

കൂടാതെ പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകാനിടയുള്ള നിർമ്മാണ മാലിന്യങ്ങൾ, യഥാസമയം പദ്ധതി പ്രദേശത്ത് നിന്ന് നീക്കം ചെയ്യുകൊണ്ട് പദ്ധതി പ്രദേശത്തിന്റെ പരിസ്ഥിതി സംരക്ഷണം, പ്രത്യേകമായി ടി.എ.കനാലിലെ നീരൊഴുക്ക് തടസപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, കാലതാമസം കൂടാതെ പദ്ധതി നിർവ്വഹണം നടപ്പിലാക്കേ ണ്ടതുമാണ്

അദ്ധ്യായം 2

പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാന സർക്കാരിന്റെ 2021-22 ലെ ബഡ്ജറ്റ്, പാർട്ട് 2, വോള്യം 2 പേജ് നമ്പർ 32 ൽ ക്രമനമ്പർ 510 ആയി ഉൾപ്പെടുത്തപ്പെട്ടിരുന്ന പദ്ധതിയാണ് ദേവപുരയ്ക്കൽ പാലം പുനർനിർമ്മാണ പദ്ധതി. പദ്ധതി നിർമ്മാണത്തിന് 315 ലക്ഷം രൂപ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് GO(Rt)No.730/2021 പ്രകാരം 13/08/2022 തീയതി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് 08/02/2022 തീയതി GO(Rt)No.138/2022 പ്രകാരവും പിന്നീട് 04/11/2025 തീയതി GO(Rt)No.1700/2025/PWD പ്രകാരവും അടങ്കൽ തുകയിൽ ഭേദഗതി വരുത്തികൊണ്ട് പുതുക്കിയ ഭരണാനുമതികൾ നൽകി. 04/11/2025 ലെ പുതുക്കിയ ഭരണാനുമതി പ്രകാരം 415 ലക്ഷം രൂപയാണ് പദ്ധതിക്ക് വേണ്ടി അനുവദിച്ചിരിക്കുന്നത്.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് പാലങ്ങൾ വിഭാഗം, ആലപ്പുഴ കാര്യാലയമാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നത്.

RFCTLARR Act 2013 അനുശാസിക്കുന്ന വിധം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), ആലപ്പുഴ ചുമതലപ്പെട്ടിരിക്കുന്നു

RFCTLARR Act 2013 സെക്ഷൻ 4 പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് എന്ന എസ്.ഐ.എ യൂണിറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് ആലപ്പുഴ ജില്ലാകളക്ടർ 28/09/2026 തീയതി പുറപ്പെടുവിച്ച നമ്പർ G2-4071/2023 ഫോറം നമ്പർ 4 വിജ്ഞാപനം പുറപ്പെടുവിച്ചു.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്

ഥാപനത്തിനുമുള്ള അവകാശ നിയമം 2013വകുപ്പ് 2യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യം വെയ്ക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2(1)b(i) പ്രകാരം പൊതു ആവശ്യമാണ്.

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

01/10/2026 തിയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2631 വാല്യം 15 ൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാകളക്ടറുടെ 28/09/2026 തീയതിയിലെ G2-4071/2023 ഫോറം നമ്പർ 4 വിജ്ഞാപനം പ്രകാരം ഏകദേശം 10 ആർസ് ഭൂമിയാണ് ദേവപുരയ്ക്കൽ പാലം പുനർനിർമ്മാണ പദ്ധതിക്ക് ആകെ ആവശ്യമായി വരുന്നത്.

15 മീറ്റർ നീളത്തിലുള്ള ഒറ്റ സ്പാനിൽ, രണ്ട് വരിയായാണ് നിർദ്ദിഷ്ട പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. പാലത്തിന് 7.5 മീറ്റർ വീതിയിൽ ക്യാരേജ്വേയും, ഇരുവശങ്ങളിലും 1.50 മീറ്റർ നടപ്പാതയും ഉണ്ടായിരിക്കും. ഇരുവശങ്ങളിലും 80 മീറ്റർ വീതം നീളത്തിലാണ് അപ്രോച്ച് റോഡ് വികസിപ്പിക്കുന്നത്. ഒരു വശത്ത് 5.5 മീറ്റർ മുതൽ 7.5 മീറ്റർ വരെ വീതിയിലും, മറുവശത്ത് (വളവ് നിവർത്തുന്നതിനായി) 5.5 മീറ്റർ മുതൽ 9.5 മീറ്റർ വരെ വീതിയിലും അപ്രോച്ച് റോഡ് വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിലവിലുള്ള 2 സർവീസ് റോഡുകൾ 10 മീറ്റർ നീളത്തിൽ വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

പദ്ധതിക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം 449 ലക്ഷം (4 കോടി 49 ലക്ഷം) രൂപയാണ് പദ്ധതിയുടെ ആകെ ചെലവായി കണക്കാക്കിയിരിക്കുന്നത്. 04/11/2025 ലെ പുതുക്കിയ ഭരണാനുമതി GO(Rt)No.1700/ 2025/PWD പ്രകാരം 415 ലക്ഷം (4 കോടി 15 ലക്ഷം) രൂപയാണ് പദ്ധതിക്ക് വേണ്ടി അനുവദിച്ചിരിക്കുന്നത്.

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

കാമ്പിശ്ശേരി–കറ്റാനം റോഡിൽ നിലവിലുള്ള പാലത്തിന്റെ വികസനത്തിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കൽ വിഭാവന ചെയ്തിരിക്കുന്നത് എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്.


2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കും, നിർമ്മാണപ്രവർത്തനങ്ങൾ രണ്ടാമത്തെ ഘട്ടത്തിൽ നടപ്പിലാക്കും

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ.

കാമ്പിശ്ശേരി–കറ്റാനം റോഡിൽ നിലവിലുള്ള ദേവപുരക്കൽ പാലത്തിന്റെ പുനർനിർമ്മാണ പദ്ധതിക്ക് വേണ്ടി പി.ഡബ്ല്യു.ഡി ഡിസൈൻ വിങ്ങാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്

ചിത്രം 2.6.1.: പദ്ധതി രൂപരേഖ



വലിപ്പവും സൗകര്യങ്ങളും

പാലത്തിന്റെ ആകെ നീളം : 15 മീറ്റർ

ക്യാരേജ് വേ : 2 വരി ഗതാഗതത്തിന് അനുയോജ്യമായ വിധത്തിൽ 7.50 മീറ്റർ വീതിയിൽ

നടപ്പാത : ഇരുവശങ്ങളിലും 1.50 മീറ്റർ വീതിയിൽ

മേൽപാലത്തിന്റെ ആകെ വീതി : ക്യാരേജ് വേയും നടപ്പാതയും ഉൾപ്പടെ 11.00 മീറ്റർ

അപ്രോച്ച് റോഡ് : നീളം: ഇരുകരകളിലും 80 മീറ്റർ വീതം

വീതി: ഒരു വശത്ത് 5.5 മീറ്റർ മുതൽ 7.5 മീറ്റർ വരെ, മറുവശത്ത് (വളവ് നിവർത്തുന്നതിനായി) 5.5 മീറ്റർ മുതൽ 9.5 മീറ്റർ വരെ

സർവീസ് റോഡ് : 10 മീറ്റർ നീളത്തിൽ 2 സർവീസ് റോഡുകൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് നിലവിലുള്ള സൗകര്യങ്ങളായ ട്രാൻസ്ഫോർമർ, വൈദ്യുതി തൂണുകൾ, ടെലിഫോൺ തൂണുകൾ, കേബിളുകൾ, എന്നിവ പുന:സ്ഥാപിക്കേണ്ടതുണ്ട്.

2.8 ആവശ്യമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം, ആലപ്പുഴ കാര്യാലയം മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. പദ്ധതിയുടെ സമയ ക്രമീകരണം, കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം, ആലുവ കാര്യാലയം വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പു വരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി സമർപ്പിക്കപ്പെട്ട സാധ്യതാ പഠന റിപ്പോർട്ടിന്റെയും പി.ഡബ്ല്യു.ഡി. ഡിസൈൻ വിങ്ങ് പദ്ധതി പ്രദേശം സന്ദർശിച്ച് നടത്തിയ പഠനത്തിന്റെയും വെളിച്ചത്തിലാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത് എന്ന് മനസിലാക്കുന്നു

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

ദേവപുരക്കൽ പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി മാവേലിക്കര താലൂക്കിൽ വള്ളികുന്നം വില്ലേജിൽ ഉൾപ്പെടുന്ന ഏകദേശം 10 ആർസ് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ നഷ്ട പരിഹാരം, പുനരധിവാസം, പുന:സ്ഥാപനം, എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- വിവരാവകാശ നിയമം 2005

അദ്ധ്യായം 3
പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ വള്ളികുന്നം വില്ലേജിൽ നിന്ന് ഏകദേശം 10 ആർസ് ഭൂമി, ഒരു പൊതു ആവശ്യത്തിന് അതായത് ദേവപുരക്കൽ പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ആവശ്യമുണ്ടായേക്കാം എന്ന് വെളിപ്പെടുത്തിക്കൊണ്ടും ടി സ്ഥല വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടും ആലപ്പുഴ ജില്ലാ കളക്ടറുടെ 2026 സെപ്തംബർ 28 തീയതിയിലെ ഫോറം നമ്പർ 4 വിജ്ഞാപനം G2-4071/2023 2026 ഒക്ടോബർ 1 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2631 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം വകുപ്പ് 4 അനുശാസിക്കുന്ന പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച്, രാജഗിരി പി.ഒ., കളമശേരി എന്ന എസ്.ഐ.എ. ഏജൻസിയെ ചുമതലപ്പെടുത്തുന്നതായും നിർദ്ദിഷ്ട വിജ്ഞാപനം വെളിപ്പെടുത്തുന്നു.

അതിനെ തുടർന്ന് പ്രസ്തുത പഠനം നടത്തുന്നതിന് ഇത്തരം പഠനങ്ങൾ നടത്തിയ പരിചയ സമ്പന്നരായ വ്യക്തികളെ ഉൾപ്പെടുത്തി, ഓരോരുത്തർക്കും പ്രത്യേക ചുമതലകൾ നൽകി ഒരു പഠന സംഘത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് രൂപീകരിച്ചു.

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലും സാമൂഹ്യ- സാമ്പത്തിക സർവ്വേയിലും അനുഭവസമ്പത്തുള്ള 9 അംഗ സംഘമാണ് ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ചിന്റെ പ്രോജക്ട് ഡയറക്ടറാണ് ചെയർപേഴ്സൺ എന്ന നിലയിൽ പഠന സംഘത്തിന് നേതൃത്വം നൽകിയത്. പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.1.1. പഠനസംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസ യോഗ്യത/പദവി	പ്രവർത്തന പരിചയം
1	മീനകുരുവിള	എം.എസ്.ഡബ്ല്യു. ചെയർപേഴ്സൺ	വികസനമേഖലയിൽ 36 വർഷത്തെ പ്രവർത്തന പരിചയം
2	ഡോ.ഫാ.സാജു എം.ഡി	എം.ഫിൽ, പി.എച്ച്.ഡി കൺസൾട്ടൻറ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 15 വർഷത്തെ പ്രവർത്തന പരിചയം
3	ഡോ. ബിനോയ് ജോസഫ്	എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 28 വർഷത്തെ പ്രവർത്തന പരിചയം
4	ഡോ.ഫാ.ഷിൻേറാ ജോസഫ്	എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 7 വർഷത്തെ പ്രവർത്തന പരിചയം
5	ബിജു സി.പി.	ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ	വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം
6	മരിയ ടെൻസി വി.എസ്.	എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ്	വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം
7	വർഗീസ് കെ.ഒ.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	36 വർഷത്തെ പ്രവർത്തന പരിചയം
8	എലിസബത്ത് പെനെലോപ്പ് ലോബോ	എം.ബി.എ., റിസേർച്ച് അസോസിയേറ്റ്	വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം
9	ഫിലോമിന കെ.എ.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	32 വർഷത്തെ പ്രവർത്തന പരിചയം

3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ

പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളുമായി നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 22/10/2026 തീയതിയിൽ അർത്ഥനാധികാരിയുടെ പ്രതിനിധിയൊന്നിച്ച് പദ്ധതി പ്രദേശങ്ങൾ പൂർണ്ണമായും സന്ദർശിക്കുകയും നിരീക്ഷിക്കുകയും ചെയ്തു. കൂടാതെ മുൻപേ തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹ്യ-സാമ്പത്തിക സർവെയിലൂടെ പദ്ധതിബാധിത കുടുംബങ്ങളിൽ നിന്ന് വിവരശേഖരണം നടത്തി. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തുകൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ വിവരങ്ങളാണ് പ്രസ്തുത ചോദ്യാവലി ഉപയോഗിച്ച് ശേഖരിച്ചത്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം), ആലപ്പുഴ, എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ ഡെപ്യൂട്ടി കളക്ടർ (എൽ.എ), ആലപ്പുഴ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ

തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാര മുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ലഭിച്ച വിവരങ്ങളും, അർത്ഥനാധികാരിയിൽ നിന്ന് ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത കരട് രേഖ പഠന യൂണിറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധ പ്പെടുത്തുകയും ജില്ലാ ഭരണകൂടത്തിനും, ബന്ധപ്പെട്ട ഗ്രാമ പാഞ്ചായത്ത് ഓഫീസിലും, വില്ലേജ് ഓഫീസിലും നൽകുകയും ചെയ്യും. തുടർന്ന് പദ്ധതിബാധിതർക്കും പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികൾക്കും അറിയിപ്പ് നൽകിയതിനുശേഷം പദ്ധതി പ്രദേശത്ത് പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിക്കും. പ്രസ്തുത ഹിയറിങ്ങിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളും കൂടി പഠനത്തിന്റെ പ്രാഥമിക വിവരങ്ങളായി പരിഗണിച്ചു കൊണ്ടായിരിക്കും സമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ തയ്യാറാക്കുന്നത്.

3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതിബാധിതരാകുന്ന എല്ലാ കുടുംബ ങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം പദ്ധതി പ്രദേശങ്ങൾ പൂർണ്ണമായി സന്ദർശിക്കുകയും പദ്ധതിബാധിത വ്യക്തികളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെ യിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനരേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേക തകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച്

നിരീക്ഷണം നടത്തിയും പദ്ധതി ബാധിത വ്യക്തികളിൽ നിന്ന് സാമൂഹ്യ- സാമ്പത്തിക സർവ്വെയിലൂടെയാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ചോദ്യാവലി ഉപയോഗിച്ചായിരുന്നു സാമൂഹ്യ-സാമ്പത്തിക സർവ്വെ നടത്തിയത്.

പദ്ധതിരൂപരേഖയുമായ് ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം), ആലപ്പുഴ, എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ), ആലപ്പുഴ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പട്ടിക 3.4.1.: പഠനത്തിന് ഉപയോഗിച്ച വിവരങ്ങളും അവ ലഭിച്ച സ്രോതസുകളും

ക്രമ നമ്പർ	***വിവരങ്ങൾ***	***സ്രോതസുകൾ***
1.	***പ്രാഥമിക വിവരങ്ങൾ*** : - പദ്ധതിബാധിതർ, പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം, നഷ്ടമാകുന്ന ചമയങ്ങൾ, സാമൂഹ്യപ്രത്യാഘാതങ്ങൾ മുതലായവ	പദ്ധതി പ്രദേശം സന്ദർശനം, സാമൂഹ്യ-സാമ്പത്തിക സർവെ
2	***ദ്വിതീയ വിവരങ്ങൾ:*** പദ്ധതി രൂപരേഖയുമായി ബന്ധപ്പെട്ട വിവരങ്ങൾ	പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം), ആലപ്പുഴ, എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന്
	ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ	ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ), ആലപ്പുഴ കാര്യാലയത്തിൽ നിന്ന്

3.5.തൽപ്പരകക്ഷികളുമായ് നടത്തിയ കൂടിയാലോചനങ്ങളുടെ സമയവിവരങ്ങളും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതിബാധിതരിൽ നിന്ന് വിവരശേഖരണം നടത്തുകയും, പദ്ധതിബാധിത പ്രദേശങ്ങളിലെ ജനപ്രതിനിധിയുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ 2/11/2026 തീയതി പഠന യൂണിറ്റിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയുടെ പകർപ്പുകൾ ജില്ലാഭരണകൂടത്തിനും വള്ളികുന്നം ഗ്രാമപഞ്ചായത്തിലും വള്ളികുന്നം വില്ലേജിലും നൽകിയതിനുശേഷം, പദ്ധതി ബാധിതർക്ക് അറിയിപ്പ് നൽകികൊണ്ട് 19/11/2026 വ്യാഴാഴ്ച്ച പകൽ 11 മണിക്ക് മീനത്ത് മുറിയിലുള്ള മാതൃഭൂമി ഗ്രന്ഥശാലയിൽ വച്ച് ഒരു ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുവാൻ ഉദ്ദേശിക്കുന്നു.


അദ്ധ്യായം 4

സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിന്റെ വിവരണം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിൽ മാവേലിക്കര ഗ്രാമപഞ്ചായത്തിൽ വാർഡ് 12 ൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം "മീനത്ത്മുറി" എന്നാണ് അറിയപ്പെടുന്നത്. കാമ്പിശേരി-കറ്റാനം റോഡിൽ ടി.എ.കനാലിനു കുറുകെയാണ് പുനർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ദേവപുരയ്ക്കൽ പാലം സ്ഥിതിചെയ്യുന്നത്. ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂവിഭാഗങ്ങൾ വീടിനോട് അനുബന്ധമായ സ്ഥലവും കൃഷിക്ക് ഉപയോഗിച്ചിരുന്ന സ്ഥലങ്ങളും, പുറമ്പോക്ക് ഭൂമി യുമാണ്.

ചിത്രം 4.1.1: പദ്ധതിപ്രദേശത്തിന്റെ ലൊക്കേഷൻ മാപ്പ്



4.2.പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

കാമ്പിശ്ശേരി–കറ്റാനം റോഡിൽ ടി.എ.കനാലിനു കുറുകേ ദേവപുരക്കൽ പാലത്തെ തുടർന്ന് എതിരെ വരുന്ന വാഹനങ്ങൾ കാണാനാകാത്ത വിധത്തിൽ വളരെ അപകടകരമായ വളവ് ഉണ്ട്. നിരന്തരം ഇവിടെ അപകടങ്ങൾ ഉണ്ടാകാറുണ്ട് എന്നതിനാൽ പ്രസ്തുത വളവ് നിവർത്തി സുരക്ഷിതമായ ഗതാഗതം സാധ്യമാകുന്ന വിധത്തിൽ പാലവും റോഡും പുനർനിർമ്മിക്കണമെന്നത് വളരെ വർഷങ്ങളായി പ്രദേശ വാസികൾ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു ആവശ്യമാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പ്രദേശത്തെ റോഡ് വീതി കൂട്ടി പുനർനിർമ്മിച്ചതോടെ റോഡിന് ആനുപാതികമായി വീതിയില്ലാത്ത പാലത്തിലൂടെയുള്ള യാത്ര കൂടുതൽ അപകടകരമായി തീർന്നു. വള്ളികുന്നത്തിന്റെ തെക്കൻ മേഖലയിലുള്ള ആളുകളും കൊല്ലം ജില്ലയിൽ തഴവ, മണപ്പള്ളി, പാവുമ്പ ഭാഗങ്ങളിലുള്ളവരും കെ.പി.റോഡിൽ ചാരുംമൂട്, കറ്റാനം ജംഗ്ഷനുകളിലെത്തി ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ വിവിധ ഭാഗങ്ങളിലേക്കെത്തുവാൻ ഈ റോഡ് ഉപയോഗിക്കുന്നു. ആയതിനാൽ ദേവപുരയ്ക്കൽ പാലം നിലവിലെ ഗതാഗതത്തിന് അനുയോജ്യമായ സൗകര്യങ്ങളോടെ പുനർനിർമ്മിക്കുന്നതിലൂടെ ഈ റോഡിലൂടെ യാത്ര ചെയ്യുന്നവർക്ക് സുഗമവും സുരക്ഷിതവുമായ യാത്ര സാധ്യമാകും.

പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ കുടുംബങ്ങളെ കുടി ഒഴിപ്പിക്കൽ, കുടുംബങ്ങളുടെ ഉപജീവന മാർഗം നഷ്ടമാകൽ തുടങ്ങിയ വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നില്ല. എന്നിരുന്നാലും 7 ഭൂവുടമകൾക്ക് ഉണ്ടാകു വാനിടയുള്ള നഷ്ടങ്ങൾ, അതായത് തങ്ങളുടെ കൈവശ ഭൂമിയിൽ കുറവ് വരുകയും ഭൂമിയിലെ ചമയങ്ങളായ വൃക്ഷങ്ങൾ തുടങ്ങിയവ നഷ്ടമാകുന്നു എന്നത് പരിഹരി ക്കപ്പെടേണ്ടതാണ്.

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

01/10/2026 തിയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2631 വാല്യം 15 ൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാകളക്ടറുടെ 28/09/2026 തീയതിയിലെ G2-4071/2023 ഫോറം നമ്പർ 4 വിജ്ഞാപനം പ്രകാരം ഏകദേശം 10 ആർസ് ഭൂമിയാണ് ദേവപുരയ്ക്കൽ പാലം പുനർനിർമ്മാണ പദ്ധതിക്ക് ആകെ ആവശ്യമായി വരുന്നത്

4.4.പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പദ്ധതി പ്രദേശങ്ങളുടെ സമീപത്ത് റോഡിനോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമി പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്നതായി മനസിലാക്കുന്നു.

4.5. പദ്ധതിക്കായി വില കൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിന്റെയും നിർദ്ദിഷ്ട ഉപയോഗം

പദ്ധതിയ്ക്കു വേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പണയത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

പദ്ധതിക്ക് വേണ്ടി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂമിയിൽ "പുരയിടം", "നിലം" എന്നീ വിഭാഗങ്ങളിലുള്ള ഭൂമിയുണ്ടെന്ന് മനസിലാക്കുന്നു. സാമൂഹ്യ സാമ്പത്തിക സർവെയിൽ ഭൂവുടമകൾ നൽകിയ നികുതി രേഖ പ്രകാരം 5 ഭൂവുടമകളുടെ ഭൂമി "പുരയിടം" വിഭാഗത്തിലും, 2 ഭൂവുടമകളുടെ ഭൂമി "നിലം" വിഭാഗത്തിലും പെടുന്നു. റോഡിന് ഇരുവശവുമുള്ള ഭൂമിയാണ് പദ്ധതിക്കായി മാർക്ക് ചെയ്തിരിക്കുന്നത്.

4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

2026 ഒക്ടോബർ 1 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2631 ൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാ കളക്ടറുടെ 2026 സെപ്റ്റംബർ 28 തീയതി യിലെ ഫോറം നമ്പർ 4 വിജ്ഞാപനത്തിൽ ഏറ്റെടുക്കപ്പെടുന്ന സർവ്വെനമ്പറുകളിലെ ഭൂമിയുടെ തരം പുരയിടം/നിലം/പുറമ്പോക്ക്/സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ള്ളതിനാൽ ടി സർവ്വെനമ്പറുകളിൽ പുരയിടം, നിലം വിഭാഗങ്ങളിലുള്ള ഭൂമി ഉള്ളതായി മനസിലാക്കുന്നു. എസ്.ഐ.എ. യൂണിറ്റിന് ഭൂവുടമകളിൽ നിന്ന് ലഭിച്ച ഭൂനികുതി രേഖ പ്രകാരമുള്ള സർവ്വെനമ്പറുകളും ഭൂമിയുടെ തരവും പട്ടിക 4.7.1.ൽ നൽകിയിരിക്കുന്നു.

പട്ടിക 4.7.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ തരം


സർവ്വെനമ്പർ	*ഭൂമിയുടെ തരം*
388/13, 388/12	പുരയിടം
591/2-2	പുരയിടം
593/2, 593/6	പുരയിടം
409/11	പുരയിടം
591/14	പുരയിടം
409/5-4	നിലം
409/5-3	നിലം

4.7.a. പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂവിഭാഗങ്ങൾ ഒരു കടയോട് അനുബന്ധമായ സ്ഥലവും കൃഷിക്ക് ഉപയോഗിച്ചിരുന്ന സ്ഥലങ്ങളും, പുറമ്പോക്ക് ഭൂമിയുമാണ്. 5 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്ക് ഉപയോഗിക്കുന്നതും, 1 ഉടമയുടെ സ്ഥലം കച്ചവട ആവശ്യത്തിന് (കടമുറികളുടെ മുൻവശത്തെ സ്ഥലം) ഉപയോഗിക്കുന്നതും, 1 ഉടമയുടെ സ്ഥലം തരിശ് ഭൂമിയുമാണ്. പദ്ധതിപ്രദേശത്തും സമീപപ്രദേശങ്ങളിലും ടി.എ.കനാലിലെ വെള്ളമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. ഏറ്റെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങുകൾ, വാഴ, കുരുമുളക്, മാവ് തുടങ്ങിയ ഫലദായക വൃക്ഷങ്ങളും, തേക്ക്, മാഞ്ചിയം ഉൾപ്പടെയുള്ള മറ്റ് വൃക്ഷങ്ങളുമുണ്ട്.

4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

ചിത്രം 4.8.1. ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമി



പദ്ധതിബാധിത ഭൂവുടമകളിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് ഭൂവുടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ആകെ ഭൂമിയുടെ ഏകദേശ അളവ് ചിത്രം4.8.1.ൽ നൽകിയി രിക്കുന്നു. 4 സെൻറ്, 10 സെൻറ്, 12 സെൻറ്, 19 സെൻറ്, 22 സെൻറ്, 55 സെൻറ് എന്നിങ്ങനെയാണ് പദ്ധതി പ്രദേശത്ത് ഭൂവുടമകൾക്ക് കൈവശമായിട്ടുള്ള ആകെ ഭൂമിയുടെ അളവ്.

ഭൂവുടമകളിൽ 5 ഉടമകൾക്ക് പ്രസ്തുതഭൂമി പാരമ്പര്യമായി കൈവശമായതും, 2 ഉടമകൾ ടി ഭൂമി വിവിധ കാലയളവുകളായി വാങ്ങിയതുമാണ്.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

നിലവിലെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിൽ കഴിഞ്ഞ 3 വർഷത്തിനിടയിൽ കൈമാറ്റം നടന്നിട്ടുള്ളതായി വിവരം ലഭിച്ചിട്ടില്ല.

ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂവിഭാഗങ്ങൾ ഒരു കടയോട് അനുബന്ധമായ സ്ഥലവും കൃഷിക്ക് ഉപയോഗിച്ചിരുന്ന സ്ഥലങ്ങളും, പുറമ്പോക്ക് ഭൂമിയുമാണ്. ഏറ്റെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങുകൾ, വാഴ, കുരുമുളക്, മാവ് തുടങ്ങിയ ഫലദായക വൃക്ഷങ്ങളും, തേക്ക്, മാഞ്ചിയം ഉൾപ്പടെയുള്ള മറ്റ് വൃക്ഷങ്ങളുമുണ്ട്.

അദ്ധ്യായം 5

ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

ആലപ്പുഴ ജില്ലയിൽ ദേവപുരയ്ക്കൽ പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി വള്ളികുന്നം വില്ലേജിൽ ഉൾപ്പെടുന്ന ഏകദേശം 10 ആർസ് ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവ നത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി യോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണാവുന്നതാണ്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് പ്രത്യക്ഷ ആഘാതം മാത്രമേയുള്ളു എന്ന് മനസിലാക്കുന്നു

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിപ്രദേശങ്ങൾ പൂർണ്ണമായും സന്ദർശിച്ച് നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവെയുടെ വെളിച്ചത്തിൽ പദ്ധതിബാധിത വസ്തുവകകൾ 7 ഉടമകളുടെ കൈവശത്തിലുള്ളതാണെന്ന് മനസിലാക്കുന്നു. പ്രസ്തുത ഭൂവുടമകളുടെ പേര് വിവരങ്ങളും പദ്ധതിബാധിത പ്രദേശത്തെ ചമയങ്ങളുടെ വിവരങ്ങളും പട്ടിക 5.1.1.ൽ നൽകിയിരിക്കുന്നു

പട്ടിക 5.1.1 പദ്ധതിബാധിതരാകുന്ന ഭൂവുടമകൾ, പ്രത്യാഘാതബാധിതമായേക്കാവുന്ന ചമയങ്ങൾ

ക്രമ നമ്പർ	*ഉടമയുടെ പേരും വിലാസവും*	*സർവ്വെ നമ്പർ*	*പ്രത്യാഘാതബാധിതമാകുന്ന ചമയങ്ങൾ (ഏകദേശ വിവരം)*
1	തങ്ങളുകുഞ്ഞ് പുലത്തിന്റെ വടക്കതിൽ മീനത്ത് മുറി വള്ളികുന്നം 9847793833	388/12 388/13	തെങ്ങ് 4, തേക്ക്, പാഴ്മരങ്ങൾ
2	ഷാജി ബി.വി. ഷാജി ഭവനം വള്ളികുന്നം കടവിനാൽ 9946384732	591/2-2	തേക്ക്, മാവ്, വാഴ
3	സീനത്ത് ഇബ്രാഹിംകുട്ടി വെങ്ങോലത്ത് വീട്ടിൽ മീനത്ത് മുറി വള്ളികുന്നം 9946174256	593/2 593/6	തെങ്ങ് 8, കുരുമുളക്, പ്ലാവ്, മാഞ്ചിയം
4	ചന്ദ്രൻ കെ. കരിച്ചാലിൽ തറയിൽ മീനത്ത് മുറി വള്ളികുന്നം 7025560489 (സിന്ധു)	409/11	കടയുടെ മുൻ വശത്തെ ഷീറ്റിട്ട്, ടൈൽ വിരിച്ച ഏരിയ
5	പ്രഭാമഹേശ്വർ “പ്രതീക്ഷ” മീനത്ത് മുറി വള്ളികുന്നം 9526991031 9496852136	591/14	തെങ്ങ്, മറ്റ് മരങ്ങൾ
6	ലിജോ ജോർജ് ഉമ്മൻ വാണിയത്ത് ജിയോഭവനം മീനത്ത് മുറി വള്ളികുന്നം 7012915513 7034479378	409/5-4	തെങ്ങ്-10, പുളി മരം
7	ലീലാമ്മ കുഞ്ഞച്ചൻ ബി.ബി.സദനം തെക്കേമുറി മാവേലിക്കര 8547435582 (പാപ്പച്ചൻ)	409/5-3	തെങ്ങ്

5.1.1.a. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പദ്ധതി പ്രദേശം വനഭൂമിയല്ല.

5.1.1.b. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതുജനങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ ഒന്നും ഏറ്റെടുക്കുന്ന പ്രദേശത്തില്ല.

5.1.1.c. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

ഇത്തരം കുടുംബങ്ങളെ പദ്ധതിപ്രദേശത്ത് കണ്ടെത്തിയിട്ടില്ല.

5.1.1d . 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

പദ്ധതി ബാധിത ഭൂവുടമകളിൽ 1 ഉടമ മാത്രമാണ് ഏറ്റെടുക്കപ്പെടുന്ന ഭൂമിയോട് ചേർന്ന് താമസിക്കുന്നത്

5.1.1.e. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതിബാധിതരിൽ ഒരു ഉടമയുടെ പ്രാഥമിക ജീവനോപാധിയായ കടമുറികളുടെ മുൻവശത്തെ ഷീറ്റിട്ട് ചാർത്തിയ ഭാഗമാണ് നഷ്ടമാകുന്നത്. ഭൂമി ഏറ്റെടുക്കൽ ഉടമയുടെ ഉപജീവന മാർഗത്തെ നേരിട്ട് ബാധിക്കുന്നില്ല എങ്കിലും പദ്ധതി നിർമ്മാണ ഘട്ടത്തിൽ കടയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കാത്ത വിധത്തിൽ ക്രമീകരണങ്ങൾ ചെയ്യേണ്ടി വന്നേക്കാം

5.1.2. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതിക്ക് പരോക്ഷ ആഘാത ബാധിതർ ഇല്ല

5..3 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

ഏറ്റെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ തെങ്ങ്, തേക്ക്, മാവ്, തുടങ്ങിയ വിവിധ വൃക്ഷങ്ങൾ ഉണ്ട്. പദ്ധതിബാധിത ഭൂമിയിലുള്ള ചമയങ്ങളുടെ ഏകദേശ വിവരങ്ങൾ ഭൂവുടമകളുടെ ലിസ്റ്റിൽ (പട്ടിക 5.1.1.) രേഖപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം 6

സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനഃസ്ഥാപനപ്രദേശവും)

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിബാധിത ഉടമകളിൽ 4 ഉടമകളുടെ കുടുംബങ്ങളാണ് പദ്ധതി പ്രദേശത്തിന് സമീപമായി താമസിക്കുന്നത്. പദ്ധതിബാധിത ഭൂമിയുടെ ഉടമകളായ 7 കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ ഇവിടെ പ്രതിപാദിക്കുന്നു.

പദ്ധതിബാധിത ഭൂമിയുടെ ഉടമകളായ 7 കുടുംബങ്ങളിലെ ആകെ അംഗങ്ങളുടെ എണ്ണം 27 ആണ്. ഇവരിൽ 14 പുരുഷൻമാരും 13 സ്ത്രീകളുമാണുള്ളത്. കുടുംബാംഗങ്ങളുടെ പ്രായം വിലയിരുത്തുമ്പോൾ 3 അംഗങ്ങൾ 18 വയസിൽ താഴെയുള്ള കുട്ടികളും, 14 അംഗങ്ങൾ 18 വയസിനും 60 വയസിനും ഇടയിൽ പ്രായമുള്ളവരും, 10 അംഗങ്ങൾ 60 വയസും അതിൽ കൂടുതലും പ്രായമുള്ളവരുമാണ്.

ഭൂവുടമകളിൽ 1 വിധവ ഉൾപ്പടെ 4 പേർ 60 വയസിനു മുകളിൽ പ്രായമുള്ളവരാണ്.

6.1. a. പദ്ധതി ബാധിത കുടുംബങ്ങളുടെ മതവും സാമൂഹ്യ വിഭാഗവും


പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം വിലയിരുത്തുമ്പോൾ 3 കുടുംബങ്ങൾ ഹിന്ദുമതത്തിലും, 2 കുടുംബങ്ങൾ ക്രിസ്തുമതത്തിലും, 2 കുടുംബങ്ങൾ ഇസ്ലാം മതത്തിലും ഉള്ളവരാണ് എന്ന് മനസിലാക്കുന്നു.

പദ്ധതിബാധിത കുടുംബങ്ങളിൽ 5 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും, 2 കുടുംബങ്ങൾ പൊതു വിഭാഗത്തിലും പെടുന്നു.

6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാന ഉപജീവനമാർഗം ചിത്രം 6.2.1.ൽ നൽകിയിരിക്കുന്നു.

ചിത്രം 6.2.1.: പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാന ഉപജീവനമാർഗം



പദ്ധതിബാധിത കുടുംബങ്ങളിൽ 2 കുടുംബങ്ങളുടെ പ്രധാന വരുമാനം കച്ചവടമാണ്. മറ്റ് കുടുംബങ്ങളുടെ ഉപജീവന മാർഗങ്ങൾ സർക്കാർ ജോലി, ഡ്രൈവർ ജോലി, സ്വയം തൊഴിൽ, കൃഷി, പെൻഷൻ എന്നിങ്ങനെയാണ്

പട്ടിക 6.2.1.: പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും അനുപാതം

വരുമാനദായകർ	ആശ്രിതർ	കുടുംബങ്ങളുടെ എണ്ണം
1	1	2
1	2	1
1	3	1
1	4	1
1	6	1
2	2	1

6.3. ദുർബലജനവിഭാഗം

ഭൂവുടമകളിൽ 1 വിധവ ഉൾപ്പടെ 4 പേർ 60 വയസിനു മുകളിൽ പ്രായമുള്ളവരാണ്.

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിതരിൽ ഒരു ഉടമയുടെ പ്രാഥമിക ജീവനോപാധിയായ കടമുറികളുടെ മുൻ വശത്തെ ഷീറ്റിട്ട് ചാർത്തിയ ഭാഗമാണ് നഷ്ടമാകുന്നത്. ഭൂമി ഏറ്റെടുക്കൽ ഉടമയുടെ ഉപജീവന മാർഗത്തെ നേരിട്ട് ബാധിക്കുന്നില്ല എങ്കിലും പദ്ധതി നിർമ്മാണ ഘട്ടത്തിൽ കടയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കാത്ത വിധത്തിൽ ക്രമീകരണങ്ങൾ ചെയ്യേണ്ടി വന്നേക്കാം

6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ പദ്ധതിബാധിതമാകുന്നില്ല

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിതമാകുന്നില്ല

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളാണ്.

6.8 ഭരണ സംഘടനകൾ

. ഭരണ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല

6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

മാവേലിക്കര നിയോജകമണ്ഡലത്തിലെ കാമ്പിശേരി-കടാനം റോഡിലെ ദേവപുരയ്ക്കൽ പാലത്തിന് ഏകദേശം 60 വർഷം പഴക്കമുണ്ട്. ഈ പ്രദേശത്തു കൂടെ വാഹന ഗതാഗതം വളരെ വർഷങ്ങളായി നടന്നുവരുന്നു. പാലം പുനർ നിർമ്മിച്ച് പ്രദേശത്തുകൂടെയുള്ള വാഹനഗതാഗതം സുഗമമാക്കുന്നതിലൂടെ കൂടുതൽ യാത്രക്കാർ ഈ റോഡ് ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടാകും

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശത്തിന്റെ സമീപ സ്ഥലങ്ങളിൽ അവശ്യ സൗകര്യങ്ങളുടെ പ്രാപ്യതയുണ്ട്.

അദ്ധ്യായം 7
സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ കുടുംബങ്ങളെ കുടി ഒഴിപ്പിക്കൽ, കുടുംബങ്ങളുടെ ഉപജീവന മാർഗം നഷ്ടമാകൽ തുടങ്ങിയ വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നില്ല. എന്നിരുന്നാലും കൈവശഭൂമിയുടെ അളവ് കുറയൽ, കൃഷി ഭൂമിയുടെ അളവ് കുറയൽ, തെങ്ങ്, കവുങ്ങ്, തേക്ക് തുടങ്ങിയ വൃക്ഷങ്ങൾ നഷ്ടമാകൽ തുടങ്ങിയ പ്രത്യാഘാതങ്ങൾ ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുണ്ട്. പദ്ധതിയോട് ഭൂവുടമകൾ തികച്ചും അനുകൂലമായ അഭിപ്രായമാണ് പ്രകടിപ്പിച്ചത്. ആയതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം അനുശാസിക്കുന്ന ഭൂമി വിലയും മറ്റ് നഷ്ടപരിഹാരങ്ങളും നൽകി കൊണ്ട് പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

7.2 ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി എന്നിവ പ്രകാരം ഭൂമി വിലയും മറ്റ് നഷ്ടപരിഹാരങ്ങളും പദ്ധതിബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകികൊണ്ട് ദേവപുരക്കൽ പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി വള്ളികുന്നം വില്ലേജിൽ നിന്ന് നിന്ന് ഏകദേശം 10 ആർസ് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂ കരിക്കാവുന്നതാണ്.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരമുള്ള ഭൂമിവിലയും നഷ്ടപരിഹാരവും, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 അനുശാസിക്കുന്ന നടപടിക്രമങ്ങൾ പ്രകാരം പദ്ധതിബാധിതർക്ക് നൽകേണ്ടതാണ്. നിർദ്ദിഷ്ട പദ്ധതിക്ക് പുന:രധിവാസ–പുന:സ്ഥാപന നടപടികൾ ആവശ്യമായി വരുന്നില്ല

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയ്ക്ക് നൽകേണ്ടുന്ന നഷ്ടപരിഹാര തുകയും പദ്ധതിരേഖയിൽ പ്രതീക്ഷിത ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതി രൂപരേഖയിൽ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയ ക്രമം കൃത്യ മായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RDപ്രകാരം പദ്ധതി ബാധിതർക്ക് ഭൂമിവില, നഷ്ടപരിഹാരം എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാ വുന്നതാണ്.

ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ, വള്ളികുന്നം വില്ലേജിൽ നിന്ന് ഏകദേശം 10 ആർസ് ഭൂമി ദേവപുരക്കൽ പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

ക്രമ നമ്പർ	പ്രതീക്ഷിക്കുന്ന പ്രത്യാഘാതം	പ്രത്യാഘാത ലഘൂകരണം	സമയക്രമം	നിരീക്ഷണ സൂചികകൾ
1	സ്ഥലം നഷ്ടമാകൽ	RFCTLARRനിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാനസർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം	ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽ കുന്നു എന്ന് ഭൂവുടമ കളെ ബോധ്യപ്പെടുത്തൽ
2	വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം	RFCTLARRനിയമം2013 ഒന്നാംപട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക		ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക
3	നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ	നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക	പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ ശാസ്ത്രീയമായും സമയാധിഷ്ടിതമായ മാലിന്യനിർമ്മാർജനംആസൂത്രണം ചെയ്ത് നടപ്പിലാക്കുക	പ്രദേശത്തിന്റെ പരിസ്ഥിതിക്ക്, പ്രത്യേകിച്ച് ടി.എ. കനാലിന്റെ സ്വഛതയ്ക്ക് ഭംഗം നേരിടാത്ത വിധത്തിലുള്ള പദ്ധതി നിർവ്വഹണം

7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ടസ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43– ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനുംപുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണ ത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), പി.ഡബ്ല്യു.ഡി.യൂണിറ്റ് 1, എൽ.എ.(ജനറൽ), ആലപ്പുഴ ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് –ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് G.O(MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ-പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട് ലാൻറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ-പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതിബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ കുടുംബത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘട

നകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻപ്രകാരം രാജഗിരി ഔട്ട്റീച്ച് എന്ന ഏജൻസിയെ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി 2026 സെപ്തംബർ 28 തീയതിയിലെ G2-4071/2023 വിജ്ഞാപനത്തിലൂടെ ജില്ലാകളക്ടർ, ആലപ്പുഴ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക്ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം സമയക്രമമനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തണം.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

നിർദ്ദിഷ്ടപദ്ധതിക്ക് പുന:രധിവാസ-പുന:സ്ഥാപന നടപടികൾ ആവശ്യമായി വരുന്നില്ല

9.2. വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

അദ്ധ്യായം 10
സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി–മേൽനോട്ടവും മൂല്യനിർണ്ണയവും

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തു നിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ദേവപുരക്കൽ പാലം നിർമ്മാണത്തിനായി ആലപ്പുഴ ജില്ലയിൽ വള്ളികുന്നം വില്ലേജിൽ നിന്ന് ഏകദേശം 10 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന്റെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. ഡെപ്യൂട്ടി കളക്ടർ (എൽ.എ) ആലപ്പുഴ നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്നു. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ.(ജനറൽ), ആലപ്പുഴ ആണ്.

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട്, ലാൻറ് റെവന്യൂ

കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, മറ്റ് നഷ്ടപരിഹാരങ്ങളും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ നിർമ്മിതികളുടെ വില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ കുടുംബത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്ക പ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

അദ്ധ്യായം 11
നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

ആലപ്പുഴ ജില്ലയിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ കാമ്പിശേരി–കറ്റാനം റോഡിൽ സ്ഥിതിചെയ്യുന്ന ദേവപുരയ്ക്കൽ പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കൽ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കാമ്പിശ്ശേരി–കറ്റാനം റോഡിൽ ടി.എ.കനാലിനു കുറുകേ ദേവപുരക്കൽ പാലത്തെ തുടർന്ന്, എതിരെ വരുന്ന വാഹനങ്ങൾ കാണാനാകാത്ത വിധത്തിൽ വളരെ അപകടകരമായ വളവ് ഉണ്ട്. നിരന്തരം ഇവിടെ അപകടങ്ങൾ ഉണ്ടാകാറുണ്ട് എന്നതിനാൽ പ്രസ്തുത വളവ് നിവർത്തി സുരക്ഷിതമായ ഗതാഗതം സാധ്യമാകുന്ന വിധത്തിൽ പാലവും റോഡും പുനർനിർമ്മിക്കണമെന്നത് വളരെ വർഷങ്ങളായി പ്രദേശവാസികൾ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു ആവശ്യമാണ്. കൂടാതെ പദ്ധതിപ്രദേശത്തിന്റെയും സമീപപ്രദേശങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം പദ്ധതി ലക്ഷ്യം വെയ്ക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2(1)b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി ഒരു പൊതു ആവശ്യമാണ്. ഏകദേശം 10 ആർസ് ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ അടയാളപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള അതിരടയാളങ്ങൾ പ്രകാരം പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറവ് സ്ഥലം മാത്രമാണ് ഏറ്റെടുക്കലിനായി നിജപ്പെടുത്തിയിരിക്കുന്നത് എന്ന് വിലയിരുത്താവുന്നതാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാനായി അടയാളപ്പെടുത്തിയിരിക്കുന്നത് റോഡിനോട് ചേർന്ന് കിടക്കുന്ന 7 കൈവശങ്ങളിലുള്ള ഭൂമിയാണ്. കുടുംബങ്ങളെ കുടി ഒഴിപ്പിക്കൽ, ഉപജീവന മാർഗം നഷ്ടമാകൽ തുടങ്ങിയ വലിയ പ്രത്യാഘാതങ്ങൾക്ക് പദ്ധതി കാരണമാകുന്നില്ല. എന്നിരുന്നാലും കൈവശഭൂമിയുടെ അളവ് കുറയൽ, തെങ്ങ്, കവുങ്ങ്, തേക്ക് തുടങ്ങിയ വൃക്ഷങ്ങൾ നഷ്ടമാകൽ, തുടങ്ങിയ പ്രത്യാഘാതങ്ങൾ ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുണ്ട്. RFCTLARR. ആക്റ്റ് 2013 അനുശാസിക്കുന്ന പ്രകാരം ഭൂമിക്കും ഭൂമിയിലുള്ള

ചമയങ്ങൾക്കും വിലയും മറ്റ് നഷ്ടപരിഹാരങ്ങളും നൽകികൊണ്ട് പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പ്രദേശത്ത് സുരക്ഷിതവും സുഗമവുമായ വാഹന ഗതാഗതം ലക്ഷ്യം വെയ്ക്കുന്ന ഈ പദ്ധതി പ്രദേശവാസികൾ വളരെ വർഷങ്ങളായി ഉന്നയിക്കുന്ന ഒരു ആവശ്യമാണ് എന്ന് മനസിലാക്കുന്നു. ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ ഉടമകൾ പദ്ധതിയോട് അനുകൂല മനോഭാവമാണ് പ്രകടിപ്പിക്കുന്നത്. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുകയും ഭൂമിയിലെ ചമയങ്ങളായ വൃക്ഷങ്ങൾ നഷ്ടമാകുകയും ചെയ്യും. എന്നിരുന്നാലും നിർദ്ദിഷ്ട പ്രദേശത്ത് അടിക്കടി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാകുകയും സുരക്ഷിതമായ ഗതാഗതം സാധ്യമാകുകയും ചെയ്യണം എന്ന് ഭൂവുടമകൾ ഉൾപ്പടെയുള്ള പ്രദേശവാസികൾ ഒന്നടങ്കം ആവശ്യപ്പെടുന്നു

ആയതിനാൽ RFCTLARR Act 2013 അനുശാസിക്കുന്ന പ്രകാരം നഷ്ടപരിഹാര നടപടികൾ നടപ്പിലാക്കികൊണ്ട് ആലപ്പുഴ ജില്ലയിൽ ദേവപുരക്കൽ പാലം നിർമ്മിക്കുന്നതിനുവേണ്ടി മാവേലിക്കര താലൂക്കിൽ, വള്ളികുന്നം വില്ലേജിൽ നിന്ന് ഏകദേശം 10 ആർസ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു. കൂടാതെ നിയമാനുസൃതമായ നടപടികളോടോപ്പം **11.2. b** യിൽ നൽകിയിരിക്കുന്ന ശുപാർശകൾ കൂടി പരിഗണിക്കേണ്ടതാണ്.

11.2. a. നിയമാനുസൃതമായ നടപടികൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിന്റെയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരം തീരുമാനിക്കപ്പെടുന്ന ഭൂമി വിലയും, ഭൂമിയിലെ ചമയങ്ങൾക്ക് നഷ്ടപരിഹാരവും ഭൂവുടമകൾക്ക് നൽകുക.

11.2. b. ശുപാർശകൾ

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകാനിടയുള്ള നിർമ്മാണ മാലിന്യങ്ങൾ, യഥാ സമയം പദ്ധതി പ്രദേശത്ത് നിന്ന് നീക്കം ചെയ്തുകൊണ്ട് പദ്ധതി പ്രദേശത്തിന്റെയും ടി.എ. കനാലിന്റെയും പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തേണ്ടതാണ്.
- പദ്ധതിനിർവ്വഹണം കാലതാമസം കൂടാതെ നടപ്പിലാക്കേണ്ടതാണ്

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013

2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെഉത്തരവ് നമ്പർG.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. 2026 ഒക്ടോബർ 1 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2631 ൽ പ്രസിദ്ധപ്പെടുത്തിയ 2026 സെപ്തംബർ 28 തീയതിയിലെ ആലപ്പുഴ ജില്ലാ കളക്ടറുടെ G2-4071/2023 വിജ്ഞാപനം
5. PWD പാലങ്ങൾ വിഭാഗം, ആലപ്പുഴ കാര്യാലയത്തിൽ നിന്നും ലഭ്യമായ പദ്ധതിയെ ക്കുറിച്ചുള്ള വിവരങ്ങൾ